കേരള സർക്കാർ

നമ്പർ. 68413/ആർ.ഡി.3/2009/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

തിരുവനന്തപുരം, തീയതി: 21/01/2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനനമരണ രജിസ്ട്രേഷൻ - നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും ചീഫ് രജിസ്ട്രാറുടെ തലത്തിലും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, അപ്രകാരമുള്ള പല നിർദ്ദേശങ്ങളിലും കൂടുതൽ വ്യക്തത ആവശ്യമാണെന്നും മറ്റു ചിലവ ലഘൂകരിക്കാവുന്നതാണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഇതിലേക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽ ഭൂരിഭാഗവും കുട്ടിയുടെ പേരുമാറ്റം സംബന്ധിച്ചാണെന്നും ഇതിന്റെ പേരിൽ വിവിധ കോടതികളിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നതായും കാണുന്നു. ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം രജിസ്ട്രേഷനുകളിലെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർത്തുകഴിഞ്ഞാൽ പിന്നീട് മറ്റൊരു പേരാണ് ഔദ്യോഗികമായി ഉപയോഗിക്കുന്നതെങ്കിൽപ്പോലും അതനുസരിച്ച് രജിസ്ട്രേഷനിൽ തിരുത്തൽ അനുവദിക്കുന്നില്ല. എന്നാൽ കേരള ഹൈക്കോടതി Girijan Vs Registrar of births & deaths [2003 (2) KLT 22] എന്ന കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കുട്ടിയെ സ്കൂളിൽ ചേർക്കുന്നതുവരെ മാതാപിതാക്കൾക്ക് കുട്ടിയുടെ പേരിൽ മാറ്റം വരുത്താമെന്നും രജിസ്ട്രാർക്ക് കുട്ടിയുടെ പേരു സംബന്ധിച്ച വസ്തുത ബോദ്ധ്യപ്പെട്ടാൽ രജിസ്റ്ററിൽ മാറ്റം വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. സമാനമായ കേസുകളിൽ ബഹു.ഹൈക്കോടതി പ്രസ്തുത വിധിന്യായം അടിസ്ഥാനമാക്കിയാണ് ഇപ്പോഴും തീർപ്പു കൽപ്പിക്കുന്നത്. കുട്ടിയുടെ ജനന സമയത്തും അതിനുശേഷവും കുട്ടിക്ക് പേരിടാതെ തന്നെ ജനന രജിസ്ട്രേഷനിൽ ഏതെങ്കിലും ഒരു പേര് ചേർക്കുന്നതു നിമിത്തമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ഇതു സംബന്ധിച്ച രേഖകൾ പരിശോധിക്കുമ്പോൾ ബോദ്ധ്യമാവുന്നതാണ്. അതിനാൽ, ജനന രജിസ്ട്രേഷൻ സമയത്തോ അതിനു ശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുള്ളത് സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്തുന്നതിനുള്ള മാതാപിതാക്കളുടെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

2. മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമേ കുട്ടിയുടെ പേര് ജനന രജിസ്ട്രേഷനിൽ ചേർക്കാൻ പാടുള്ളൂ. മാതാവിന്റെയോ പിതാവിന്റെയോ അറിവുകൂടാതെ സംയുക്താപേക്ഷയിൽ അവരുടെ ഒപ്പ് വ്യാജമായി ചേർത്ത് തെറ്റായ പേര് ഉൾപ്പെടുത്തുന്നതു തടയുന്നതിനായി പേരു ചേർക്കുന്നതിനുള്ള അപേക്ഷയോടൊപ്പം മാതാപിതാക്കളുടെ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പു കൂടി സമർപ്പിക്കേണ്ടതാണ്. ഇതിലേക്കായി തെരഞ്ഞെടുപ്പു കമ്മീഷൻ അംഗീകരിച്ച ഏതൊരു രേഖയും തിരിച്ചറിയൽ രേഖയായി അംഗീകരിക്കേണ്ടതാണ്.

3. മാതാപിതാക്കളുടെ മേൽവിലാസം കുട്ടിയുടെ ജനനത്തിനുശേഷം മാറ്റം വന്നാൽ അതിനനുസരിച്ച് ജനന രജിസ്ട്രേഷനിൽമാറ്റം വരുത്താവുന്നതല്ല. എന്നാൽ, മേൽവിലാസം തെറ്റായി ചേർത്തിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന സമയത്ത് പ്രാബല്യത്തിലുള്ളതും മാതാപിതാക്കളുടെ മേൽവിലാസം വ്യക്തമാക്കുന്നതുമായ ഏതെങ്കിലുംരേഖ (റേഷൻ കാർഡ്, തിരിച്ചറിയൽകാർഡ്, ആധാരം മുതലായവ)യുടെ അടിസ്ഥാനത്തിൽ തിരുത്തൽ അനുവദിക്കേണ്ടതാണ്.

4. ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടേയും മരണ രജിസ്ട്രേഷനുകളിൽ മരിച്ചയാളുടേയും പേര് രേഖപ്പെടുത്തിയിട്ടുള്ളതിനോടൊപ്പം അറിയപ്പെടുന്ന പേരുകൂടി alias ചേർത്ത് ചേർക്കാവുന്നതാണെന്ന് നിലവിൽ നിർദ്ദേശമുണ്ട്. മാതാപിതാക്കളുടെ അറിയപ്പെടുന്ന പേരും ഇതുപോലെ യഥാർത്ഥ പേരിനോപ്പം ചേർക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

5. ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരുചേർക്കുമ്പോൾ ആറുവയസിനുശേഷം മാതാപിതാക്കളുടെ താമസസ്ഥലത്തെ ജനന മരണ രജിസ്ട്രാർ നൽകുന്ന ജനന ക്രമ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിലവിൽ നിർദ്ദേശമുണ്ട്. ഇതിനു പകരം മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനന ക്രമം എന്നിവ വ്യക്തമാക്കുന്ന നിശ്ചിതഫോറത്തിലുള്ള സത്യവാങ്മൂലം അവർ ഒപ്പിട്ടു നല്കേണ്ടതാണ്. സ്കൂൾ രേഖയിലെയും ജനന രജിസ്ട്രേഷനിലെയും ജനന തീയതികൾ തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കളുടെ ജീവിച്ചിരിക്കുന്നതും മരിച്ചുപോയതുമായ എല്ലാ കുട്ടികളുടെയും ജനനതീയതി തെളിയിക്കുന്ന രേഖകൾ കൂടി (സ്കൂൾ രേഖ, ജനനസർട്ടിഫിക്കറ്റ്, ആശുപത്രി രേഖ ഇവയിൽ ഏതെങ്കിലും) ഹാജരാക്കേണ്ടതാണ്. സംസ്ഥാനത്തിന് വെളിയിൽ താമസിക്കുന്ന മാതാപിതാക്കളുടെ കുട്ടികളുടെ കാര്യത്തിലും ഇത് മതിയാകുന്നതാണ്.

6. ജനനമരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പു വാങ്ങിയ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങേണ്ടതാണ്. എന്നാൽ ഏതെങ്കിലും കാരണവശാൽസർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോകുകയോ, മറ്റേതെങ്കിലും അധികാരിമുമ്പാകെ സമർപ്പിച്ചതിനാൽ തിരികെ നൽകാൻ സാധിക്കാതെ വരികയോ ചെയ്താൽ അക്കാര്യം വ്യക്തമാക്കുന്നതും ഒരുനോട്ടറി പബ്ലിക് മുമ്പാകെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ മുമ്പാകെയോ ഒപ്പിട്ടതുമായ ഒരു സത്യവാങ്മൂലം സമർപ്പിച്ചാൽ മതിയാകുന്നതാണ്.

7. ജനന രജിസ്ട്രേഷനിൽ ഇനിഷ്യലോ സർനെയിമോ കൂടാതെ പേരു ചേർത്തിട്ടുള്ളതിൽ ഇനിഷ്യലോ സർനെയിമോ ചേർത്തു നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. യഥാർത്ഥ പേര് ഇനിഷ്യലും സർനെയിമും ചേർന്നുള്ളതാണെങ്കിൽ ഇവ രണ്ടും കൂടി ചേർക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

8. ജനന മരണ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾക്ക് 2/7/2009-ലെ സ.ഉ.(കൈ) 123/2009/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ സേവനം ലഭ്യമാക്കുന്ന തീയതി കൂടി രേഖപ്പെടുത്തിയ കൈപ്പറ്റുരസീത് നൽകേണ്ടതാണെന്നും അതനുസരിച്ച് സേവനം നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. അപേക്ഷയിലെ ആവശ്യം നിയമപ്രകാരം അനുവദനീയമല്ലെങ്കിൽപ്പോലും അപേക്ഷ സ്വീകരിക്കുകയും അപേക്ഷകർക്ക് രേഖാമൂലം മറുപടി നൽകേണ്ടതുമാണ്.

9. ജനന മരണ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി രജിസ്ട്രേഷൻ യൂണിറ്റുകളിൽ നടത്തിയ പരിശോധനകൾ സംബന്ധിച്ച് ഒരു വാർഷിക റിപ്പോർട്ട് എല്ലാവർഷവും ഫെബ്രുവരി 15-ാം തീയതിക്കകം ചീഫ് രജിസ്ട്രാർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

10. ജനന മരണ രജിസ്ട്രാമാരുടെ ഔദ്യോഗിക സീലിൽ പേര്, ഔദ്യോഗിക പദവി എന്നിവയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പേരുകൾ ഉൾപ്പെടെയുള്ള പൂർണ്ണമായ മേൽവിലാസവും ഉൾപ്പെടുത്തേണ്ടതാണ്.

11. ജനന രജിസ്റ്ററിലെയും സ്കൂൾ രേഖയിലെയും ജനന തീയതികൾ തമ്മിൽ വ്യത്യാസം പത്തുമാസത്തിൽ കൂടുതലാണെങ്കിൽ ജനന രജിസ്റ്ററിൽ പേരുചേർക്കുന്നതിന് ജില്ലാ ര ജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

12. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന ഓരോ ഇനം അപേക്ഷയോടൊപ്പവും നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്നതിനും അപേക്ഷയോടൊപ്പം എല്ലാ രേഖകളും ഉൾക്കൊള്ളിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ചെക്ക് ലിസ്റ്റുകൾ തയ്യാറാക്കി രജിസ്ട്രാർമാർക്ക് നൽകുന്നതിന് ചീഫ് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: 1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
3. മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
5. തദ്ദേശസ്വയംഭരണ ( ) വകുപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.